കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെല്ലായ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി-16-1909/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.
ഇമെയിൽ dopkd.ksad@kerala.gov.in.

ഫോൺ 04912 520145.

തീയതി: 17.09.2018.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

നെല്ലായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെല്ലായ ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്

രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി-16-1909/2018 തീയതി: 17.09.2018.

<u>പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24-6-2017മുതൽ 18-07-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.മാത്യു റോയ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-7-2018 മുതൽ 30-7-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എം.മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.ജനാർദ്ദനൻ | 1-4-17 മുതൽ 26-10-17 വരെ |
| | ശ്രീ.പി.കെ.മുഹമ്മദ് ഷാഫി | 27-10-17 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീമതി.റെനി പോൾ | 1-4-17 മുതൽ 16-6-17 വരെ |
| | ശ്രീ.സി.പ്രദീപ് പാസ്കൽ (അസി.സെക്രട്ടറി ഇൻ ചാർജ്) | 17-6-17 മുതൽ 09-7-17 വരെ |
| | ശ്രീമതി.പദ്മജ തോമസ് | 10-07-17 മുതൽ 31-3-18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ധന്യ. സി | 1-4-17 മുതൽ 31-10-17 വരെ |
| | ശ്രീമതി.തനൂജ.ടി.ടി | 1-11-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ | ശ്രീ.വിമൽ ലാൽ സി.എം | 1-4-17 മുതൽ 07-06-17 വരെ |
| | ശ്രീ.ഫജീഷ് വഹാബ്.എ | 8-6-17 മുതൽ 18-12-17 വരെ |
| | ശ്രീമതി.ശാന്തിനി. എൻ.കെ | 19-12-17 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പി.പ്രമീള | 1-4-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.വിജിത കെ.വി | 1-4-2017 മുതൽ 28-9-2017 വരെ |
| | ശ്രീ.പി.കെ. ബാലകൃഷ്ണൻ (അഡീ.ചാർജ്) | 29-9-17 മുതൽ 22-01-18 വരെ |

| | | |
|---|---|---|
| | ശ്രീമതി.നീതു ഗോപാൽ | 23-1-18 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ. അലി അഫ്സൽ.വി.വി | 1-4-17 മുതൽ 31-8-17 വരെ |
| | ഡോ.റുഹൈല .ടി | 1-9-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ. സമീർ ബാബു | 1-4-17 മുതൽ 22-10-17 വരെ |
| | ഡോ. രമ്യ.കെ.ആർ | 23-10-17 മുതൽ 31-03-18 വരെ |
| വെറ്ററിനറി സർജൻ | ഡോ.അനീഷ് രാജ്.വി.എൻ | 1-4-17 മുതൽ<br>31-03-18 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.പ്രദീപ് പാസ്കൽ | 1-4-17 മുതൽ 25-10-17 വരെ |
| | ശ്രീ.അജിത് കുമാർ.എം | 26-10-17 മുതൽ 31-3-18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 27-03-2017. തിയതിയിലെ തീരുമാനം 1(2) പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2018 | 25-05-2018 | 28-05-2018 | 12-07-2018 |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 18-07-2018 | കെഎസ്എ പികെഡി121-1904/(46)/2018 തീയതി 29.08.2018. |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19551930 |
| വരവ് | 62676290 |
| ആകെ | 82228220 |
| ചെലവ് | 61556729 |
| നീക്കിയിരിപ്പ് | 20671491 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 16251000 | 16251000 | 14873862 | 1377138 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | | 0 | 8601744 | 8601744 | 7269052 | 1332692 |
| വികസന ഫണ്ട് ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | | 0 | 8739000 | 8739000 | 8739000 | 0 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ റോഡ് (ACR പ്രകാരം) | | 0 | 3625000 | 3625000 | 3399138 | 225862 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7516676 | 7516676 | 7235568 | 281108 |
| K.LS.G.D.P (ACR പ്രകാരം) | | 0 | 454183 | 454183 | 454183 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| MGNREGS | തൊഴിലാളി കളുടെ കൂലി | 13892 | 8212083 | 8900848 | 8196509 | 15574 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | | 688765 | | 688765 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1047500 | 1047500 | 1047500 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 400000 | 400000 | 400000 | 0 |
| ബി ഫണ്ട് | | 0 | 59305720 | 59305720 | 59305720 | 0 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 11658000 | 11658000 | 11151396 | 506604 |
| തനത് ഫണ്ട് | 3434171 | 1491373 | 4925544 | 2982746 | 1942798 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 264 | 83971604 | 117 | 50818398 | nil | 147 | 44.31 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 7316250 | 3804870 | 52 |
| വി.ഇ.ഒ | 13 | 10 | 7873773 | 4983182 | 63.2 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 6 | 7511722 | 6289706 | 83.73 |
| സെക്രട്ടറി | 38 | 23 | 9183396 | 5075692 | 55.2 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 167 | 115 | 39602416 | 24238305 | 61.2 |
| മെഡിക്കൽ ഓഫീസർ PHC | 4 | 4 | 1026097 | 1020407 | 99.4 |
| മെഡിക്കൽ ഓഫീസർ | 5 | 5 | 820000 | 816869 | 99.6 |

| | | | | | |
|---|---|---|---|---|---|
| ISM | | | | | |
| വെറ്ററിനറി സർജ്ജൻ | 10 | 7 | 4847500 | 1590500 | 32.8 |
| ഹെഡ്മാസ്റ്റർ ഗവ.ഹൈസ്കൂൾ, നെല്ലായ | 3 | 0 | 250000 | 0 | 0 |
| അസി.സെക്രട്ടറി | 10 | 5 | 5540450 | 2998867 | 54.12 |
| ആകെ | 264 | 117 | 83971604 | 50818398 | 60.5 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 138720 | 794 |
| കർഷകതൊഴിലാളി പെൻഷൻ | 4637700 | 439 |
| വിധവാപെൻഷൻ | 15368500 | 1334 |
| വാർദ്ധക്യകാലപെൻഷൻ | 32086700 | 2587 |
| വികലാംഗപെൻഷൻ | 6175900 | 565 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-18 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18491രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ

പരിഹരിക്കേണ്ടതാണ്.

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5. പല പദ്ധതികളിലും പർച്ചേയ്സ് ഓർഡർ, കരാറുകൾ, വർക്ക് ഓർഡർ എന്നിവ ചമച്ചുകാണുന്നില്ല.

6. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഉണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

7. പെൻഷൻ അപേക്ഷ രജിസ്റ്ററുകളിൽ അപേക്ഷ തീർപ്പാക്കിയതു സംബന്ധിച്ച വിവരങ്ങളും , കൂടാതെ എല്ലാ ഡി. ആന്റ് ഒ ലൈസൻസിനുള്ള അപേക്ഷകളിലും പഞ്ചായത്തു സെക്രട്ടറിയുടെ തീരുമാനം രേഖപ്പെടുത്തിക്കൊണ്ടുള്ള സാക്ഷ്യപ്പെടുത്തലും ഇല്ല.

8. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

9. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

10. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

11. ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (18-3-2003 ലെ സ.ഉ. 92/2003 , 2003 ലെ

കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ.)

12. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടിസ്വീകരിച്ചിട്ടില്ല,

13.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.

14. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികൾ രൂപീകരിക്കപ്പെടുന്നത്.

15.മോണിറ്ററിംങ് സംവിധാനം നിലവിലില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-07-18 മുതൽ 25-07-18വരെ | ജൂൺ-2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് | 03-04-2010 മുതൽ | 2005-06 മുതൽ | LB)/(H)/1/TPQ/1-10-11/ |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 17-04-2010 വരെ | 2009-10 വരെ | LBA/X/488 dt.19-03-2010 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

താഴെ പറയുന്ന AFS പ്രകാരമുള്ള ചെലവിനങ്ങൾ ACR പ്രകാരമുള്ള ചെലവിനങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഇനം | AFS പ്രകാരമുള്ള തുക | ACR പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 14873862 | 114573862 |
| വികസനഫണ്ട്(SCP) | 7269052 | 7828558 |
| സെന്ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 7235568 | 7141195 |
| തൊഴിലില്ലായ്മവേതനം | 40920 | 138720 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ്-നടപടിക്രമങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്

കേരളപഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ-214,സർക്കാർ ഉത്തരവ്(ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി,പദ്ധതിയേതര നിർദ്ദേശങ്ങൾ

നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.

3. പഞ്ചായത്ത് കൗൺസിൽ ആവശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ നെല്ലായ ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് ,ഭരണസമിതിയുടെ മിനിറ്റ്സ് ,വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സ് എന്നിവ പരിശോധിച്ചപ്പോൾ 27.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കുകയും ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തതായി കാണുന്നു. 27.3.2017 തിയതിയിലെ തന്നെ ഭരണസമിതിയുടെ യോഗത്തിന്റെ മിനിറ്റ്സിൽ തീരുമാനം (2) പ്രകാരം ബജറ്റ് അംഗീകരിച്ചതായും ചേർത്തിരിക്കുന്നു.

മേൽ മിനിറ്റ്സുകൾ ,ബജറ്റിന്റെ പ്രിന്റ്ചെയ്ത പകർപ്പ് എന്നിവ ഒഴിച്ച് ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതതായുള്ള യാതൊരു രേഖകളോ ബജറ്റ് ഫയലോ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ,സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല.
പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടു മാത്രമേ പാസാക്കപ്പെടുന്നുള്ളൂ എന്ന് ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ സൂക്ഷിക്കുന്നില്ല

2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി(ജീവനക്കാർ) എന്നയിനത്തിൽ ആകെ 834940 രൂപയാണ് ഗ്രാമപഞ്ചായത്തിന് നികുതിയായി ലഭിച്ചിട്ടുള്ളത്.എന്നാൽ 2016-17 വർഷത്തിൽ ഈയിനത്തിൽ 844580 രൂപ നികുതി ലഭിച്ചിരുന്നു.2017-18 വർഷത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 9640 രൂപയുടെ കുറവ് വന്നിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി(ജിവനക്കാർ) കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

അപ്രകാരം തന്നെ തൊഴിൽ നികുതി(കച്ചവടക്കാർ),ഡി&ഒ ലൈസൻസ് ഫീസ് എന്നിവ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ കച്ചവടക്കാരിൽ നിന്നും ഈടാക്കുന്നതിന് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ്-ഉം സൂക്ഷിച്ചിട്ടില്ല.കെട്ടിടനികുതി സംബന്ധിച്ച സഞ്ചയ രജിസ്റ്ററിലെ കണക്കുകൾ പ്രകാരം പഞ്ചായത്തിൽ 1447 ഗാർഹികേതര കെട്ടിടങ്ങൾ /മുറികൾ നിലവിലുണ്ടെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ ആകെ 226 അപേക്ഷകൾ മാത്രമേ ഡി&ഒ ലൈസൻസിനായി ലഭിച്ചിട്ടുള്ളൂ.

ഇയ്യിനങ്ങളിലെ വരുമാനചോർച്ച തടയുന്നതിന് സ്ഥാപന രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ എത്രയും വേഗത്തിൽ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

## 2-3 <u>വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.</u>

2017-18 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി പിരിവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.വസ്തു നികുതി- കുടിശ്ശിക

2017-18 സാമ്പത്തിക വർഷത്തിൽ വസ്തു നികുതി(തൻ വർഷം) ഇനത്തിൽ ആകെ 68 ശതമാനം മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ.അതായത് ആകെ തൻ വർഷ ഡിമാന്റായ 3463262 രൂപയിൽ 2363766 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ(വാർഷിക കണക്കുകൾ പ്രകാരം).കൂടാതെ വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ഇനത്തിൽ 62 ശതമാനം മാത്രമേ വരവ് വന്നിട്ടുള്ളൂ(സഞ്ചയ രജിസ്റ്റർ പ്രകാരം).അതായത് ആകെ കുടിശ്ശിക ഡിമാന്റായ 1626743 രൂപയിൽ 1005883 രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ.

2.വസ്തു നികുതി-വാർഷിക കണക്കുകളും സഞ്ചയ രജിസ്റ്ററും തമ്മിൽ വ്യത്യാസം

വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് സാംഖ്യ പ്രകാരമുള്ള വാർഷിക കണക്കുകളും സഞ്ചയയിൽ നിന്നുള്ള വസ്തു നികുതി രജിസ്റ്ററിലെ കണക്കുകളും തമ്മിൽ ചുവടെ ചേർക്കുന്ന പ്രകാരം വ്യത്യാസം സംഭവിച്ചിട്ടുണ്ട്.

| 2017-18 വസ്തു നികുതി (തൻ വർഷം) | സഞ്ചയ പ്രകാരം | സാംഖ്യ പ്രകാരം |
|---|---|---|
| ഡിമാന്റ് | 3463262 | 3463262 |
| കളക്ഷൻ | 2766908 | 2363766 |
| ബാലൻസ് | 714972 | 750720 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13) മറുപടി നൽകിയിട്ടില്ല.വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ്.

നെല്ലായ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി സംബന്ധിച്ച സഞ്ചയ രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ 3 മൊബൈൽ ടവറുകളിൽ നിന്നും മാത്രമേ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളതായി കാണുന്നുള്ളൂ.ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസി യുടെ പേര്, വിലാസം | 2017-18 വരെയുള്ള വസ്തു നികുതി ഡിമാന്റ് | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|
| 1 | 19/445 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈ.ലി. | 39375 | 39375 |

| | | | | |
|---|---|---|---|---|
| 2 | 12/18 | ഇൻഡസ് ടവേഴ്സ് ലി. | 8505 | 8505 |
| 3 | 3/756 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈ.ലി. | 39375 | 39375 |

എന്നാൽ മുൻവർഷങ്ങളിലെ ഗ്രാമപഞ്ചായത്തിന്റെ പെർമിറ്റ് രേഖകൾ പ്രകാരം പഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്ത് പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകൾക്ക് ഇതുവരെയും നികുതി നിർണ്ണയിച്ച് ഈടാക്കുന്നതായി കാണുന്നില്ല.ഇത് സംബന്ധിച്ച് 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം നടത്തിയിട്ടുണ്ട്.

| ക്രമ നം | അപേക്ഷാ രജിസ്റ്ററിലെ പെർമിറ്റ് കറന്റ് നം/ തീയതി | പേരും മേൽവിലാസവും | സർവ്വേ നം | പെർമിറ്റ് നം/തീയതി |
|---|---|---|---|---|
| 1 | എ5-4013/14/ 22.09.2014 | എ.ടി.സി ടെലികോം കോർപ്പറേഷൻ, കൊച്ചിൻ | 131/2എ,2ബി | 31.10.14 |
| 2 | 4039/15/ 14.09.2015 | ഇൻഡസ് ടവർ ലിമിറ്റഡ്, എൻ.എച്ച് ബൈപ്പാസ്, പാലാരിവട്ടം | 4/4 നെല്ലായ | 78/15-16 27.10.15 |
| 3 | 26.04.2010 | ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ മൊബൈൽ, പാലക്കാട് | 86/5 3 | 29/10-11 26.04.10 |
| 4 | 3010/10/ 10.05.2010 | ,, | 54എ/6എ 6ബി | 87/10-11 03.06.10 |
| 5 | 52/07 | എസ്സാർ ടെലികോം | 28/11 | 52/07 24.11.07 |
| 6 | 77/07 | എസ്സാർ ടെലികോം | 42/9 | 77/07 14.12.07 |

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്ത് അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചു വരുന്നതായി

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നഗരസഭകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയതായും, വിജിലൻസിന്റെ കണ്ടെത്തലിന്റെ വെളിച്ചത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളെയും കണ്ടെത്തുന്നതിന് ഒരു 'സ്പെഷ്യൽ ഡ്രൈവ്" നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി, തദ്ദേശ ഭരണ സ്ഥാപനത്തിന് ലഭിക്കാനുള്ള പെർമിറ്റ് ഫീസ് / വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും കർശന നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സർക്കുലർ പ്രകാരം ഗ്രാമപഞ്ചായത്തിൽ അപ്രകാരമുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/30.07.2018) ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടില്ല. മൊബൈൽ ടവറുകൾ സംബന്ധിച്ച കൃത്യമായ വിവരശേഖരണം നടത്തി പെർമിറ്റ് ഫീ, വസ്തുനികുതി നികുതി എന്നിവ കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച 869944 രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെന്റർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെന്റർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് തൻവർഷം 869944 രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ

37114028492/SBI ചെർപ്പുളശ്ശേരി എന്ന അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. തുക ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി- പ്രവർത്തനം, ചുമതലാ നിർവഹണം എന്നിവ കൂടുതൽ ഫലവത്താകാൻ പ്രയത്നിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമങ്ങളും അതിനു കീഴിൽ രൂപീകരിക്കപ്പെട്ട ചട്ടങ്ങളും നിർദേശിക്കുംപ്രകാരം നിലവിൽ വന്ന വിവിധ സ്ഥിരം സമിതികളുടെ പ്രവർത്തനം സംബന്ധിച്ച് ഒരവലോകനം ഓഡിറ്റിന്റെ ഭാഗമായി നടത്തുകയുണ്ടായി. ഇവയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന വികസന-ക്ഷേമ സ്ഥിരം സമിതികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനാ വിധേയമാക്കി. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽ പെടുന്ന വികസന ആസൂത്രണം സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ് എന്നീ മേഖലകളിൽ ക്രിയാത്മകമായ പങ്കുവഹിക്കുന്ന കാര്യത്തിൽ ഭാഗിക പങ്കാളിത്തം മാത്രമേ നിർവഹിക്കുന്നുള്ളൂ. ഉൽപ്പാദന- സേവന -പശ്ചാത്തല മേഖലകളിൽ രൂപീകരിക്കപ്പെടുന്ന വിവിധ പദ്ധതികളിൽ മാറ്റങ്ങൾ അനിവാര്യമായ സംഗതികളിൽ ചർച്ച നടത്തുകയും ആവശ്യമായ ഭേദഗതികൾ നിർദേശിക്കുകയും ചെയ്യുന്നുണ്ട്. കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് പഞ്ചായത്ത് സംവിധാനങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുന്നുണ്ടെങ്കിലും ഇവ നടപ്പിലാക്കുന്നതിനുള്ള നിരീക്ഷണ സംവിധാനം കുറേക്കൂടി മെച്ചപ്പെടേണ്ടതുണ്ട്.

വിവിധ മേഖലകളിൽ ആസൂത്രണം ചെയ്ത പദ്ധതികൾ പഞ്ചായത്തിന്റെ വിവിധ അടിസ്ഥാനാവശ്യങ്ങളെ പൂർണ്ണമായും പ്രതിഫലിക്കുന്നില്ല. മണ്ണ് സംരക്ഷണം,

സാമൂഹ്യ വനവൽക്കരണം ക്ഷീര വികസനം മത്സ്യബന്ധനം, ചെറുകിട വ്യവസായം എന്നീ മേഖലകളിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ തുലോം പരിമിതമാണെന്ന് കാണുന്നു 2017-18 ൽ ഈ മേഖലകളിൽ പ്രൊജക്ട് നിർദേശങ്ങൾ വന്നിട്ടില്ല.

മത്സ്യബന്ധന മേഖലയിലെ കാർഷിക വികസന സാധ്യതകൾ നിരീക്ഷിക്കപ്പെടുന്നില്ല. ഈ മേഖലയുമായി ബന്ധപ്പെട്ട് ജലലഭ്യതയെക്കുറിച്ചും പരമ്പരാഗതമായ ജലാശയങ്ങളുപയോഗപ്പെടുത്താനുള്ള സാധ്യതകളെക്കുറിച്ചുമുള്ള ഗഹനമായ പഠനം ആവശ്യമാണ്.

മണ്ണുസംരക്ഷണം, സാമൂഹ്യ വനവൽക്കരണം , ചെറുകിട വ്യവസായം, എന്നീ മേഖലകളിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ല.

ഗ്രാമ സഭകളുടെ നടപടിക്രമങ്ങളിൽ നിർവഹണോദ്യോഗസ്ഥരുടെ പങ്കാളിത്തം സജീവമല്ല എന്ന് പരിശോധനയിൽ നിന്നും വ്യക്തമാകുന്നു. കർമസമിതികൾ രൂപം കൊടുക്കുന്ന പ്രൊജക്ട് നിർദേശങ്ങളിൽ ആവശ്യമായ ഗൃഹപാഠം നടത്തി , പ്രൊജക്ട് സംബന്ധമായ മുഴുവൻ വിശദാംശങ്ങളും ഗ്രാമ സഭയിൽ അവതരിപ്പിച്ച് ഗ്രാമ സഭയുടെ അഭിപ്രായം തേടുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല. നടപടി ക്രമങ്ങൾ പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ ചില പ്രൊജക്ടുകൾ നിർവഹണ ഘട്ടത്തിലെത്തുമ്പോൾ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ ഉപേക്ഷിച്ചതായി കാണുന്നു. ഉദാഹരണത്തിന്, ഉൽപാദന മേഖലയിലെ ഹരിത ഭവനം പദ്ധതി, സേവന മേഖലയിലെ ബയോഗ്യാസ് പ്ലാന്റ് പ്രൊജക്ടുകൾ , എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം എന്നിവ ഇങ്ങനെ ഉപേക്ഷിച്ച പദ്ധതികളാണ്.

കരട് പ്രൊജക്ട് നിർദേശങ്ങൾക്ക് രൂപം നൽകി ഗ്രാമ സഭ, ഭരണ സമിതി വികസന സെമിനാർ എന്നീ സംവിധാനങ്ങളിലൂടെ അംഗീകാരം ലഭ്യമാക്കി കരട് പ്രൊജക്ട് നിർദേശങ്ങൾ ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നത് വരെയുള്ള ബൃഹത്തും അതി സങ്കീർണ്ണവുമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്ന കർമ സമിതികളോട്, പ്രൊജക്ടുകൾ നിർവ്വഹിക്കപ്പെട്ടതിനുശേഷം വിലയിരുത്തൽ സമിതികളായി (Monitoring Commette) മാറാനാണ് ആസൂത്രണ പ്രക്രിയ നിർദേശിക്കുന്നത്. എന്നാൽ പ്രൊജക്ട് നിർവഹണവുമായി ബന്ധപ്പെട്ട വളരെ നിർണ്ണായകമായ ഈ കർത്തവ്യം നിറവേറ്റുന്നതിൽ കർമസമിതികൾ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല.

ആയതിനാൽ ഗ്രാമ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം നിയമാനുസൃതം നിയോഗിക്കപ്പെടുന്ന നിയന്ത്രണ സംവിധാനങ്ങൾ , പൊതു ജനങ്ങളുടെ സർവതോന്മുഖമായ വികസന-ക്ഷേമ പ്രവർത്തനങ്ങളിൽ പൊതു സമൂഹം

പ്രതീക്ഷിക്കും വിധം അവയുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിൽ കുറേക്കൂടി മുന്നോട്ടുപോകേണ്ടതുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾ

## ദീർഘവീക്ഷണത്തോടെയും ആസൂത്രണപൂർവ്വവും നിർവ്വഹിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം സംബ ന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

സാമ്പത്തികവർഷം 167 പദ്ധതികളിലായി 39602416 രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 115 പ്രവൃത്തികൾക്ക് മാത്രമാണ് വിനിയോഗിക്കുവാൻ കഴിഞ്ഞത്. 24238305 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 61% തുക മാത്രം ചെലവഴിക്കുകവഴി 15364111 രൂപയ്ക്കുള്ള പദ്ധതികൾ സ്പിൽ ഓവർ ചെയ്യേണ്ടിവന്നിരിക്കുകയാണ്.

നിർവഹണം നടത്തുവാൻ സാധിക്കാത്ത ഏതാനും പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | തുക |
|---|---|---|---|
| 1 | 22/18 | തവളപ്പടി-അംഗൻവാടിറോഡ് മെറ്റലിംങ് ടാറിംങ് | 570000 |
| 2 | 52/18 | അഴുക്കുചാൽ നിർമ്മാണം | 300000 |
| 3 | 65/18 | കൃഷിഭവൻ ഓഫീസിന് ഗേററ്, കമാനം, സൈൻ ബോർഡ് | 150000 |
| 4 | 89/18 | എറശ്ശേരി കുടിവെള്ള പദ്ധതി | 100000 |
| 5 | 66/18 | മാമ്പറ്റപ്പറമ്പ് അംഗൻവാടി റിപ്പയർ | 100000 |

| | | | |
|---|---|---|---|
| 6 | 67/18 | വാലിപ്പറമ്പ് ജലസേചനപദ്ധതി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 100112 |
| 7 | 318/18 | സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ട് ലി ടോയ്‌ലെറ്റ് നിർമ്മാണം | 600000 |

പ്രൊജക്ടുകളുടെ നടത്തിപ്പ് ഭാഗികമാണെങ്കിലും ആയത് സംബന്ധിച്ച ചർച്ചകൾ വികസനസ്റ്റാന്റിങ് കമ്മിറ്റിയിലോ,പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റിയുടെ വർക്കിങ് ഗ്രൂപ്പിലോ ഉരുത്തിരിഞ്ഞ് വന്നിട്ടില്ല.

റോഡ് റീടാറിങ് പ്രവൃത്തികൾ ചെയ്യപ്പെടാതെ നീണ്ടുപോകുന്നത് റോഡുകൾ കൂടുതൽ തകരാറിലാവാനും ഇതിന്റെ ഫലമായി അവ അംഗീകൃത അടങ്കൽതുകക്ക് വിധേയമായി കുറ്റമറ്റ രീതിയിൽ അറ്റകുറ്റപ്പണി നടത്തി അപാകതകൾ പരിഹരിക്കാൻ കഴിയാതെവരുന്നതിനും കാരണമാകും.

2012 ലെ പൊതുമരാമത്ത് വകുപ്പ് മാന്വലിൽ നിർദേശിക്കുന്ന പ്രകാരമുള്ള ഫോമിലല്ല കരാർ ചമയ്ക്കുന്നത്. മറിച്ച് ഇപ്പോഴും കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള പഴയ ഫോമിലാണ് കരാറുകൾ ചമക്കുന്നത്. പുതിയ ഫോമിലുള്ള കരാർ ചമക്കുന്നത് മൂലം പ്രവൃത്തികൾ വൈകുന്നത് മൂലമമുള്ള അധികപിഴ ചുമത്തൽ കുറഞ്ഞ നിരക്കിലുള്ള കാലാവധി ദീർഘിപ്പിക്കൽ എന്നിവ സമയബന്ധിതമായി പ്രവൃത്തി നിർവഹിക്കാൻ കരാറുകാരെ നിർബന്ധിപ്പിക്കാവുന്നതാണ്.

കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിച്ചതും മറ്റ് സാങ്കേതിക കാരണങ്ങളും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്ടുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതിവിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നൽകി കൂടുതൽ അടങ്കൽ നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഊന്നൽ നൽകേണ്ടതാണെന്ന് വിലയിരുത്തുന്നു.

പ്രവത്തിനിർവഹണത്തിന് തടസ്സമായി നിൽക്കുന്ന നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ച് അവക്ക് വേണ്ട പരിഹാരനടപടികൾ കണ്ടെത്തി പദ്ധതികളെല്ലാം സമയബന്ധിതമായി നിർവഹിക്കാൻ ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങൾ പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഓഡിറ്റ് വർഷങ്ങളിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതികൾ മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടത്തുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/ 13/ത.സ്വ.ഭ.വ, എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 എന്നിവ പ്രകാരം തുടർന്ന് മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പൂർണ്ണമായും പാലിക്കാതെയാണ് ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതാണ്. മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി. എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ ക്യാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി. എഞ്ചിനീയർ, അസി. എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ വ്യവസ്ഥകൾ ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. പല പ്രവർത്തികളുടെയും കാഷ്/പർച്ചേസ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൺവീനർമാർ കണക്കുകൾ ഹാജരാക്കിയിട്ടുള്ള പ്രവൃത്തികളുടെ കാര്യത്തിലാകട്ടെ പല കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കും ആവശ്യമായതിൽ

അധികം സിമന്റ് വാങ്ങിയതായി കാണിച്ചുകൊണ്ടുള്ള ബില്ലുകളാണ് കൺവീനർമാർ ഹാജരാക്കിയിരിക്കുന്നത്. കൺവീനർമാർ ആരുംതന്നെ പണിനടത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13(5) പ്രകാരം ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്ത് ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുടെ കാര്യത്തിൽ ബിനാമി ഇടപാട് പാടില്ലാത്തതും ബിനാമി ഇടപാട് വെളിപ്പെടുന്ന പക്ഷം ഗുണഭോക്തൃ സമിതിയുടെ കൺവീനർ പഞ്ചായത്തുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണ്. കൂടാതെ കരാർ വ്യവസ്ഥ 2. പ്രകാരം "പ്രവൃത്തി മുഴവനായോ ഭാഗികമായോ യാതൊരു കരാറുകാരെയോ കരാർ കമ്പനിയേയോ ബിനാമിയേയോ ഏൽപ്പിക്കാവുന്നതല്ല". ഫയൽ പരിശോധിച്ചതിൽ കൺവീനർമാർ പ്രവൃത്തികൾ സബ്കോൺട്രാക്ട് നൽകിയതായാണ് രേഖകൾ സൂചിപ്പിക്കുന്നത്. മെറ്റീരിയൽ വാങ്ങിയതിന്റെ കൈപ്പറ്റ് രസീതിയും പ്രവൃത്തി സബ്കോൺട്രാക്ട് നൽകിയതിന്റെ രേഖയുമാണ് കൺവീനർ സമർപ്പിച്ചിട്ടുള്ളത്.

ഉത്തരവ് നം. (എം.എസ്) 42/99/പ്ലാനിങ്ങ് - ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല. കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിന് മൊബിലൈസേഷൻ അഡ്വാൻസോ, സെക്യേർഡ് അഡ്വാൻസോ അനുവദിക്കുന്നില്ല.

ഗുണഭോക്തൃസമിതിയുടെ മിനട്സ് ബുക്കുകളിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമല്ല.(ഓരോ ഇനം പ്രവൃത്തിയുടെ അളവ്, നിരക്ക്, പ്രവൃത്തി പൂർത്തീകരണത്തിന്റെ സമയക്രമം, പ്രവൃത്തികൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെ അളവ്, തൊഴിലാളികളുടെ എണ്ണം, വൗച്ചറുകൾ, വരവ്-ചെലവ് കണക്കുകൾ പാസ്സാക്കിയതിന്റെ വിവരം തുടങ്ങിയവ). കൺവീനർ മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് യന്ത്രോപകരണങ്ങളുടെ വാടകയുടെ കാഷ്ബിൽ, സാധനസാമഗ്രികളുടെ പർച്ചേസ് ബിൽ തുടങ്ങിയവ ഫയലിൽ സൂക്ഷിക്കണം എന്ന വ്യവസ്ഥയുണ്ട്. എന്നാൽ പല പ്രവൃത്തികളുടെയും ഫയലിൽ പർച്ചേസ് ബില്ലുകൾ പൂർണ്ണമായും ലഭ്യമല്ല.വർക്കിങ്ങ് ഗ്രൂപ്പ് മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.

സാങ്കേതിക വൈദഗ്ദ്യം പൂർണ്ണമായും ആവശ്യമുള്ള പ്രവൃത്തികൾ കൺവീനർമാരെ ഏൽപ്പിക്കുകയും മെറ്റീരിയൽ പർച്ചേസ് മാത്രം ഗുണഭോക്തൃസമിതി

നടത്തുകയും പ്രവൃത്തി കോൺട്രാക്ടർ മുഖേന നിർവ്വഹിക്കുകയും ചെയ്യുന്നത് ആശാസ്യമല്ല. ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത പ്രവൃത്തികൾ സമിതിയെ ഏൽപ്പിക്കുകയും സമിതി മറ്റു കരാറുകാർക്ക് സബ്‌കോൺട്രാക്ട് നൽകുകയും ചെയ്യുന്നത് അംഗീകരിക്കാവുന്നതല്ല. പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കാൻ സാങ്കേതികപരിജ്ഞാനവും സംവിധാനവും ഉള്ള കൺവീനർമാരെ പദ്ധതികൾ ഏർപ്പിക്കുകയോ അല്ലാത്തപക്ഷം ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-4 <u>റോഡ്കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. മുൻപുള്ള മാർഗ്ഗരേഖകളിലും ഈ നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും നെല്ലായ പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ളാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 3-5 <u>പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമാകുന്നില്ല-മോണിറ്ററിംഗ് നടത്തുന്നില്ല.</u>

വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരുന്നുണ്ടെങ്കിലും ഫലപ്രദമായി പ്രവർത്തിച്ചതായി കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് രൂപീകരണം നടത്തുന്നതിനുതകുന്ന ചർച്ചകളുണ്ടായിട്ടില്ല. പ്രോജക്റ്റ് നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കണമെങ്കിലും മോണിറ്ററിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് സജീവമായി പ്രവർത്തിക്കുന്നതിന് വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയോ ഭരണസമിതിയോ നിർദ്ദേശങ്ങൾ നല്കിയതായി കാണുന്നില്ല.

## 3-6 <u>എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം- വിതരണം ചെയ്യപ്പെടാത്ത ഫർണിച്ചറുകളുടെ വില 59982 രൂപയുടെ ചെലവ്</u>

<u>തടസ്സപ്പെടുത്തുന്നു.</u>
എസ്.എസ്. എൽ.സി. +2 വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ അസി.സെക്രട്ടറി നടപ്പിലാക്കിയ പദ്ധതി- ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല വിശദീകരണമാവശ്യപ്പെടുന്നു.

<u>വിശദാംശങ്ങൾ</u>

പ്രൊജ. നം. 180/17-18

അടങ്കൽ തുക- 500000 രൂപ

ചെലവ് -399878 രൂപ

ബിൽ നം. 8/17-18 തീയ്യതി 31.3.18, SIDCO Invoice No. SMC Pkd /17-18 TI 269 തീയ്യതി. 20.3.18.

(1) മേൽ പറഞ്ഞ പദ്ധതി പ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത SSLC, +2 വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും വിതരണം ചെയ്യാനാണ് പ്രൊജക്ട് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് മേൽ പറഞ്ഞ വിശദാംശങ്ങൾ പ്രകാരം 80 സെറ്റ് മേശയും കസേരയും SIDCOയിൽ നിന്ന് വാങ്ങി. എന്നാൽ 68 പേർ മാത്രമേ അപേക്ഷയും യോഗ്യത തെളിയിക്കുന്ന രേഖകളും സമർപ്പിച്ചിട്ടുള്ളൂ. ആയതിനാൽ 68പേർക്ക് മാത്രമാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. ബാക്കിയുള്ള 12 സെറ്റ് ഫർണിച്ചർ വിതരണം ചെയ്യാതെ ഉപയോഗശൂന്യമായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറിയിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

ഇപ്രകാരം മതിയായ ഗുണഭോക്താക്കളില്ലാതെ ആവശ്യമായ പഠനം നടത്താതെ പൊതു ഫണ്ട് ചെലവഴിച്ചത് കാരണം ഈയിനത്തിൽ 59982 പാഴ്ച്ചെലവായിത്തീർന്നു. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം സമർപ്പിക്കുന്നതിനു വിധേയമായി, വിതരണം ചെയ്യപ്പെടാത്ത ഫർണിച്ചർ സെറ്റുകളുടെ ആകെ വില 59982രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10 തീ. 27.7.18) മറുപടി സമർപ്പിച്ചില്ല.

## 3-7 <u>ആവശ്യത്തിലധികം തുക പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ച നടപടി - വിശദീകരണം നൽകേണ്ടതാണ്</u>

ആശ്രയ- അസി. സെക്രട്ടറിയുടെ പ്രൊജക്ട് - യോഗ്യരായ ഗുണഭോക്താക്കളില്ലാതെ തുക പിൻവലിച്ചു. വിശദീകരണമാവശ്യപ്പെടുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ ആശ്രയ (ജനറൽ)പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നമ്പർ 178/17-18

അടങ്കൽ 100000/- (പ്ലാൻ ഫണ്ട്-900000/-,ധനകാര്യകമ്മീഷൻഗ്രാന്റ്-100000/-)

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക – 800000 രൂപ ( പ്ലാൻഫണ്ട്)

ബിൽ നം. 8/17-18 തീ. 28.3.18

മേൽ പറഞ്ഞ ബിൽ പ്രകാരം 800000 രൂപ പിൻവലിച്ച് വിജയാ ബാങ്കിന്റെ നെല്ലായ ബ്രാഞ്ചിൽA/C .205301011004013 നിക്ഷേപിച്ചിട്ടുണ്ട്. ഈ തുകയിൽ 31.3.18 വരെ 40000രൂപയുൾപ്പെടെ 31.5.2018 വരെ 150000 രൂപ മാത്രമേ ചെലവഴിച്ചതായി കാണുന്നുള്ളൂ.

ആശ്രയ പദ്ധതിയിലുൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമാണത്തിന് 200000രൂപ വീതം നൽകുന്നതിനാണ് തുക പിൻവലിച്ചതെന്ന് പരിശോധനയിൽ കാണുന്നു.

(1) ചക്കി, വടിശ്ശീരി, പൊട്ടച്ചിറ, നെല്ലായ- വാർഡ് -11

(2) നബീസ, പോക്കു, പുലാക്കിൽ, പൊമ്പിലായ -വാർഡ് -6

(3) സൽമ , അരത്തൊടി, പട്ടിശ്ശേരി, നെല്ലായ പി.ഒ. വാർഡ് -16

(4) ശ്രീമതി നസീമ, മേലെതലക്കൽ, നെല്ലായ- വാർഡ് -10

മേൽ പറഞ്ഞവരിൽ ശ്രീമതി നസീമ, മേലെതലക്കൽ, നെല്ലായ- വാർഡ് -10 എന്ന ഗുണഭോക്താവിന് 150000 രൂപ നൽകിയിട്ടുണ്ട് ബാക്കി 650000 രൂപ ചെലവഴിക്കപ്പെടാതെ ഇപ്പോഴും കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നു.

യോഗ്യരായ ഗുണഭോക്താക്കളില്ലാതെ തുക പിൻവലിച്ച് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുക ചെലവഴിക്കാതിരിക്കുകയും ചെയ്ത നടപടിയിൽ സാധുവായ വിശദീകരണം നൽകേണ്ടതാണ്. ഭാവിയിൽ, മതിയായ എണ്ണം ഗുണഭോക്താക്കളുടേയും, അർഹതയും യോഗ്യതയും ഉള്ള ഗുണഭോക്താക്കളുടേയും അഭാവത്തിൽ പൊതു ഫണ്ടിൽ നിന്നും നിർവഹണോദ്യോഗസ്ഥർ തുക പിൻവലിച്ച് മറ്റു അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിന് നിയന്ത്രണ

സംവിധാനമായ വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

# 3-8 ക്ഷേമപെൻഷനുകൾ അനുവദിച്ചതിലെ അപാകതകൾ സംബന്ധിച്ച്

I.ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

അർഹതാ മാനദണ്ഡം

1 കുടുംബ വാർഷിക വരുമാനപരിധി ഒരു ലക്ഷം

2 വയസ്സ് 60

3 കേരള സംസ്ഥാനത്തിൽ മൂന്ന് വർഷമെങ്കിലും സ്ഥിരതാമസമുണ്ടായിരിക്കണം

(ജി.ഓ(പി) 47/915/സാ.ക്ഷേ.വ. തീയതി 13.12.1995)

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി -ക്ഷേമകാര്യം

സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ

1 വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളെക്കുറിച്ചും അവയുടെ അർഹതാ മാനദണ്ഡങ്ങളെക്കുറിച്ചും പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കൽ

2 കണ്ടെത്തപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് പരിശോധിക്കുകയും, നിയമങ്ങളും

വ്യവസ്ഥകളും പൂർണ്ണമായി പാലിച്ചിട്ടുണ്ടെന്ന് പെൻഷൻ അനുവദിക്കുന്നതിനുമുമ്പ് ഉറപ്പാക്കുകയും ചെയ്യുക.

3 പെൻഷൻ വിതരണത്തിന്റെ മേൽനോട്ടം വഹിക്കൽ

4 സാമൂഹ്യ സുരക്ഷാ പെൻഷനുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ പരിഹാരത്തിനായി അദാലത്തുകൾ സംഘടിപ്പിക്കുക.

5 പഞ്ചായത്ത് പരിധിയിലുള്ള പെൻഷൻ അർഹരെ കണ്ടെത്തുന്നതിനും പെൻഷൻ അനുവദിക്കുന്നതിനും ആവശ്യമായ പ്രയത്നം നടത്തുക.

വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ

| ക്രമ | അപേക്ഷകൻ | ന്യൂനതകൾ |
|---|---|---|

| നമ്പർ | | | |
|---|---|---|---|
| 1 | മുരളീധരൻ,<br>പൂവ്വക്കോട് വീട്.<br>അപേക്ഷാ നമ്പർ.2704/17 തീയതി 26.05.2017. | 1 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിൽ കാർഡ് ഉടമ സർവ്വീസ് പെൻഷനറാണെന്നും വരുമാനം 35000.00 രൂപയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. |
| | | 2 | റേഷൻകാർഡ് പ്രകാരം അപേക്ഷകൻ NRK ആണ്. അല്ല എന്നു തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. |
| | | 3 | റേഷൻകാർഡിൽ ഒരു വിമുക്തഭടനും മറ്റ് 2 പേരും NRK ആണ്. |
| | | 4 | റേഷൻകാർഡ് പ്രകാരം ഒരു മാസത്തെ കുടുംബവരുമാനം 37300.00 രൂപയാണ്. അപേക്ഷകൻ ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റ് ടിയാന്റേതുമാത്രവും ടി സാക്ഷ്യപത്രത്തിൽ മറ്റ് കുടുംബാംഗങ്ങളുടെ വരുമാനം ഉൾപ്പെടാത്തതുമാണ്. |
| | | 5 | റേഷൻകാർഡ് നമ്പർ 1948002272, പുറപ്പെടുവിച്ച തീയതി 15.03.2017. |
| 2 | ഹംസ.എം.കെ. മുഹമ്മദ്, മമ്ണാർകുന്നത്ത് ഹൗസ്, മോളൂർ, നെല്ലായ<br>അപേക്ഷാ നമ്പർ. 1924/17തീയതി 07.04.2017. | | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിന്റെ പകർപ്പിൽ (റേഷൻകാർഡ് നമ്പർ 1948113672തീയതി 15.05.2017.) ടിയാൻ NRK ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിരതാമസമല്ലെന്ന് ആയതിൽ നിന്നും വ്യക്തമാകുന്നു. ടി റേഷൻകാർഡിലെ വിവരം തെറ്റാണെങ്കിൽ ആയത് തിരുത്തൽ വരുത്തുകയോ, യാഥാർത്ഥ്യം ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നും സാക്ഷ്യപ്പെടുത്തി സമർപ്പിക്കുകയോ ചെയ്യാത്ത സാഹചര്യം നിലനിൽക്കുന്നു |
| **3.** | ഹരിദാസൻ.എം.പി. ചോലയ്ക്കൽ ഹൗസ്, മാരായമംഗലം | 1 | അപേക്ഷയോടൊപ്പം സമർപ്പിച്ച റേഷൻകാർഡിൽ ടിയാന്റെ ഭാര്യ ഗവൺമെന്റ് ജീവനക്കാരിയാണെന്ന് |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ട്. |
| | അപേക്ഷാ നമ്പർ. 4872/16 തീയതി 07.11.2016 | 2 | വരുമാനസർട്ടിഫിക്കറ്റ് ഹാജരാക്കിയിയതിൽ കാർഡ് ഉടമയുടെ വരുമാനമോ, ആകെ കുടുംബ വരുമാനമോ ഉൾപ്പെടുത്തിയിട്ടില്ല. അപേക്ഷകന്റെ വരുമാനം മാത്രമാണ് വരുമാനസർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| | | 3 | ഗവൺമെന്റ് ജീവനക്കാർ ഉൾപ്പെടുന്ന കുടുംബത്തിലെ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. |

അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കി പരിശോധനാ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥൻ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അർഹതയും/നിരസിക്കലും കാര്യകാരണസഹിതം അന്വേഷണ റിപ്പോർട്ടിൽ ഉൾപ്പെടുത്തി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും, സ്റ്റാന്റിംഗ് കമ്മിറ്റി അപേക്ഷയോടൊപ്പമുള്ള രേഖകളും , അന്വേഷണ റിപ്പോർട്ടും, ഓരോ അപേക്ഷയും പ്രത്യേകം ചർച്ച ചെയ്ത് വേണ്ടുന്ന പരിശോധനകൾ നടത്തി അപേക്ഷ പാസാക്കുന്നതിനായി ഭരണസമിതിക്ക് നൽകേണ്ടതായിരുന്നു. മേൽ വിവരിച്ച മാർഗ്ഗനിർദ്ദേശങ്ങളും ചുമതലകളും പ്രകാരം ടി അപേക്ഷകൾ പുന:പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II. അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ

അർഹതാ മാനദണ്ഡം

1 അവിവാഹിത

2 വരുമാനം ഒരു ലക്ഷത്തിൽ കുറവ്

2 പ്രായം

3 കേരള സംസ്ഥാനത്തിൽ സ്ഥിരതാമസം

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി - ക്ഷേമകാര്യം

| ക്രമ നമ്പർ | അപേക്ഷക | ന്യൂനതകൾ | റിമാർക്സ് |
|---|---|---|---|
| 1 | വി.പി.ഉഷ<br>D/o രാമൻ, മുണ്ടനാംകുറിശ്ശി വലിയപറമ്പിൽ, പൊട്ടച്ചിറ<br>അപേക്ഷാ നമ്പർ 1909/17 തീയതി 5.4.2017. | അപേക്ഷക 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിത ആയിരിക്കണം. ടിയാരി അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ആധാർ രേഖ പ്രകാരം ജനന തീയതി 28.05.1968 ആണ്. (ആധാർ കാർഡ് നമ്പർ 641794290403) സർക്കാർ പെൻഷൻ നൽകുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. മേൽ ജനനതീയതി പ്രകാരം ടിയാരിക്ക് 28.05.2018 നാണ് 50 വയസ്സ് തികയുന്നത്. ആയതിനാൽത്തന്നെ 05.04.2017 ന് ടിയാരി പെൻഷൻ അപേക്ഷിക്കുന്നതിന് അർഹയല്ല. | അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് അനർഹരെ ഒഴിവാക്കി പരിശോധനാ റിപ്പോർട്ട് അന്വേഷണ ഉദ്യോഗസ്ഥ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും ആയത് വിശദമായി ചർച്ച ചെയ്തും, നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടും പെൻഷൻ പാസ്സാക്കേണ്ടതിനു പകരം അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രം പെൻഷൻ പാസ്സാക്കിയതിലൂടെ അപാകം സംഭവിച്ചിരിക്കുന്നു. ആയത് പുന:പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

# 3-9 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ടുകൾ ഉപേക്ഷിച്ചത് സംബന്ധിച്ച്

നടപ്പിലാക്കാതിരുന്ന പ്രോജക്ടുകൾ

1 വായനശാലകളിൽ വയോജന കേന്ദ്രങ്ങൾ

അടങ്കൽ തുക-3,50,000.00 വി.ഫണ്ട്

2 ബിരുദാനന്തരബിരുദ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ തുക-2,59,410.00 വിഫണ്ട്-2,34,635.00 തനത് ഫണ്ട്-24,775.00

3 ഊർജ്ജിത സാക്ഷരതാ യജ്ഞം

അടങ്കൽ തുക-1,10,000.00 തനത് ഫണ്ട്-1,10,000.00

4 ഭാരതപ്പുഴ നദീതട പുനരുജ്ജീവന മാസ്റ്റർപ്ലാൻ തയ്യാറാക്കൽ

അടങ്കൽ തുക-1,00,000.00 തനത് ഫണ്ട്-1,00,000.00

5 പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് ലൈറ്റ്&സൗണ്ട് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ തുക-84,183.00 നോൺ റോഡ്-84,183.00

6 വൃക്ഷത്തൈകൾക്ക് സംരക്ഷണകൂട്

അടങ്കൽ തുക-1,00,000.00 തനത് ഫണ്ട്-1,00,000.00

7 അംബേദ്കർ കോളനി സോളാർ ലൈറ്റ്

അടങ്കൽ തുക-1,50,000.00 എഫ്.സി. ഗ്രാന്റ്-1,50,000.00

8 കല്ലിടുമ്പ് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

അടങ്കൽ തുക-1,00,000.00 വി ഫണ്ട്-

9 ചരലിൽ മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

അടങ്കൽ തുക-1,00,000.00 വി ഫണ്ട്-

10 പുലാക്കാട് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

അടങ്കൽ തുക-1,00,000.00 വി ഫണ്ട്-

11 മഞ്ചക്കൽ ലക്ഷംവീട് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

അടങ്കൽ തുക-1,00,000.00 വി ഫണ്ട്-

12 ലക്ഷംവീട് മിനിമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ

അടങ്കൽ തുക-1,00,000.00 -- വി ഫണ്ട്-

13 തെരുവ് വിളക്ക്-എൽ ഇ ഡി ലാമ്പുകൾ വാങ്ങലും സ്ഥാപിക്കലും

അടങ്കൽ തുക-1,50,000.00 -- എഫ്.സി. ഗ്രാന്റ്

14 കുടിവെള്ള പ്രോജക്ടുകൾ-തുക ഡെപ്പോസിറ്റ് ചെയ്തു, പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് ചുവടെ ചേർക്കുന്നവ അനുവർത്തിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രോജക്ടുകൾ വിഭാവനം ചെയ്യുകയും പൂർത്തീകരിക്കപ്പെടാതെ പോവുകയും ചെയ്തു. പ്രോജക്ടുകൾ വിഭാവനം ചെയ്യൽ മുതൽ പൂർത്തീകരണവും നടത്തിപ്പും വരെ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

1 വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (Status Report) പ്രതിപാദിക്കുന്ന

പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത്.

2 ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കണം

3 വികസന രേഖ തയ്യാറാക്കണം

4 വികസന സെമിനാർ സംഘടിപ്പിക്കണം

5 കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭാ യോഗങ്ങളിൽ അവതരിപ്പിക്കുക.

പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് വിഘാതം സൃഷ്ടിച്ചതായി കണ്ടെത്തിയ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1 വർക്കിംഗ് ഗ്രൂപ്പുകളിൽ ചർച്ചകളോ, തീരുമാനങ്ങളോ ഉരുത്തിരിഞ്ഞില്ല.

2 വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പരിവർത്തനം ചെയ്യപ്പെട്ടില്ല.

3 വർക്കിംഗ് ഗ്രൂപ്പ് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയില്ല.

4 സ്റ്റാന്റിംഗ് കമ്മിറ്റി സമയാസമയം നിർദ്ദേശങ്ങൾ നൽകുകയുണ്ടായില്ല.

5 പ്രവർത്തന കലണ്ടർ രൂപപ്പെടുത്തിയില്ല.

6 ഗ്രാമസഭകളിൽ ഗ്രൂപ്പ് തിരിഞ്ഞ് ചർച്ചകളും തീരുമാനങ്ങളും ഉണ്ടായില്ല.

7 വർക്കിംഗ് ഗ്രൂപ്പുകൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ നൽകുകയുണ്ടായില്ല.

8 സ്റ്റാന്റിംഗ് കമ്മിറ്റിയും വർക്കിംഗ് ഗ്രൂപ്പുകളും ചർച്ചകൾ നടത്തിയില്ല.

9 സ്റ്റാന്റിംഗ് കമ്മിറ്റികൾ ഭരണസമിതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുകയോ മാറ്റങ്ങൾ നിർദ്ദേശിക്കുകയോ ചെയ്തില്ല.

പ്രോജക്ട് വിഭാവനം ചെയ്യപ്പെട്ട് നടത്തിപ്പ്, പൂർത്തീകരണം, കൈമാറ്റം ചെയ്യപ്പെടൽ വരെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട സമിതിയുടെ വീഴ്ച പദ്ധതി ഉപേക്ഷിക്കുന്നതിന് ഇടയാക്കി. മേൽ അപാകങ്ങൾ ഒഴിവാക്കി കാലാകാലങ്ങളിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രോജക്ടുകൾ വിഭാവനം ചെയ്യാനും നടപ്പിൽ വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമസഭയിലെ ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും വികസന സെമിനാറിന്റേയും പരിഗണനക്ക് വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ സമർപ്പിക്കേണ്ടതാണ്. പ്രോജക്ട് ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗം ചേരേണ്ടതും ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതുമാണ്.

ഗ്രാമസഭാ യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിഷയങ്ങളെ അടിസ്ഥാനമാക്കി വിശദമായി ചർച്ചയും കൃത്യമായ മുൻഗണനയും നിശ്ചയിക്കണം. വർക്കിംഗ് ഗ്രൂപ്പുകളെ മോണിറ്ററിംഗ് കമ്മിറ്റികളായി രൂപാന്തരപ്പെടുത്തണം.

പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥർ

വർക്കിംഗ് ഗ്രൂപ്പിന്റെ സഹകരണത്തോടെ ഒരു നിർവ്വഹണ പരിപാടി തയ്യാറാക്കണം.

പദ്ധതി നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും പ്രോജക്റ്റ് നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിനും നിർവ്വഹണ കലണ്ടർ അനുസരിച്ചുള്ള നിർവ്വഹണപദ്ധതി അവലംബമാക്കണം. നിർവ്വഹണ ഉദ്യോഗസ്ഥൻ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സമയാസമയം നിർദ്ദേശങ്ങൾ നൽകേണ്ടതും ഭരണസമിതിയാണ്.

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം വിളിച്ച് ചേർക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടൽ നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലയാണ്.

യഥാർത്ഥ്യബോധത്തോടെയുള്ള നിർവ്വഹണ കലണ്ടർ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കണം. ആയത് പ്രോജക്റ്റ് നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് അവലംബമാക്കണം.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2017-18 | 123981 | നെൽകൃഷിവികസനം | 123981 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | (വിരിപ്പ്) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 716019 | നെൽകൃഷിവികസനം (മുണ്ടകൻ) | 716019 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 7500 | വിഷരഹിത പച്ചക്കറി വികസനം | 7500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 10000 | വിഷരഹിത പച്ചക്കറി വികസനം | 10000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ----ടി------ | 200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | അത്താണിപ്പാറ്- ചോലപ്പാറ കുടിവെള്ളം | T.C to KWA | 100000 | 100000 | 0 |
| ---ടി--- | പി.സി.കോളനി കുടിവെള്ളം | T.C to KWA | 100000 | 100000 | 0 |
| ---ടി--- | ചന്ദ്രത്തൊടി കുടിവെള്ള ടാങ്കിലേക്ക് | T.C to KWA | 100000 | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | കണക്ഷൻ | | | | |
| ---ടി--- | മേലേതിൽ കോളനി കുടിവെള്ളം | T.C to KWA | 100000 | 100000 | 0 |
| ---ടി--- | സമഗ്ര കുടിവെള്ള പദ്ധതി | T.C to KWA | 700000 | 700000 | 0 |
| ---ടി--- | വേട്ടേക്കാരൻകാവ് കുടിവെള്ളം | ചെ.നം. 21800987 | 130000 | 130000 | 0 |
| ---ടി--- | വരീക്കോട്ട് പള്ള്യാൽ കുടിവെള്ളം | ചെ.നം. 21700989 | 140000 | 140000 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്ത് വായ്പ/വായ്പാതിരിച്ചടവ് ഇനത്തിൽ തുകയൊന്നും വിനിയോഗിച്ചിട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും വരവില്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നും നിലവിലില്ല

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62676290 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 61556729 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 59982/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 59982/- | ശ്രീ.എം.അജിത്ത് കുമാർ, അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-
ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LF.P13.596/08/21-2-09 |

| | |
|---|---|
| 1999-00 | LF.P13.597/08/21-2-09 |
| 2000-01 | LF.P13.598/08/21-2-09 |
| 2001-02 | LF.P13.599/08/21-2-09 |
| 2002-03 | LF.P13.600/08/21-2-09 |
| 2003-04 | LF.P13.601/08/21-2-09 |
| 2004-05 | LF.P13.1003/09/5-12-09 |
| 2005-06 | LF.P13.695(2)/12/8-5-12 |
| 2006-07 | LF.P13.177/11/7-3-11 |
| 2007-08 | LF.P13.695(4)/12/16.3.12 |
| 2008-09 | LF.P16/952/13/7-4-14 |
| 2009-10 | |
| 2010-11 | |
| 2011-12 | LF.P16.1967/14/4-12-2014 |
| 2012-13 | കെ.എസ്.എ-പികെഡി16/1403/2015/ 8.1.2016 |
| 2013-14 | |
| 2014-15 | കെ എസ് എ -പി കെ ഡി16/1209/16/28.07.2016 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി16/1880/16/7-1-17 |
| 2016-17 | നം.കെ.എസ്.എ-പി.കെ.ഡി.16-1323/17തീയതി. 11/09/2017 |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി

കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് .

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വാർഷിക ധനകാര്യ പത്രികക്കൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്) പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, എന്നിവ സമർപ്പിച്ചിട്ടില്ല.

2. വാർഷികക്കണക്കുകളിലെ RP-7 പട്ടിക അനുസരിച്ച് വികസന ഫണ്ട് (ജനറൽ), വരവ് 14873862 രൂപയാണ്. എന്നാൽ ACR പ്രകാരം പ്രസ്തുത വരവ് 15163862രൂപയാണ്. വികസന ഫണ്ട് SCP ഇനത്തിലെ വരവ് 7269052 രൂപയും ACR-ൽ 7828558 രൂപയുമാണ്.

3 ട്രഷറി സ്പെഷ്യൽ ഫണ്ട്സ്-1, ട്രഷറി തനത് ഫണ്ട് VPFA1-2 എന്നീ അക്കൗണ്ടുകളുടെ ബാങ്ക് പാസ്സ് ബുക്ക്, ബാങ്ക് ബുക്ക് , റീ- കൺസിലിയേഷൻ പത്രിക എന്നിവ

ഹാജരാക്കിയിട്ടില്ല.

4 പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞചെക്കുകൾ" എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

5. തൻ വർഷകുടിശ്ശിഖ തുകകൾക്ക് Income & Expenditure Account-ൽ Provision രേഖപ്പെടുത്തിയിട്ടില്ല. Provision കണക്കാക്കിയതിനുള്ള Work Sheet -ഉം ലഭ്യമാക്കിയിട്ടില്ല.

6. സ്റ്റോക്ക് വാല്യൂ വാർഷികധനകാര്യ പത്രികയിലേക്കെടുത്തിട്ടില്ല.

7 ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തിയ തുകകൾ വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

8. നിർവഹണോദ്യോഗസ്ഥരിൽ,ICDSസൂപ്പർവൈസർ,TR7Aയിൽ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

9. വസ്തു നികുതി- DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ ബാലൻസ്, എന്നിവ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

# അനുബന്ധം 2

## വരവ്-ചെലവ് പത്രികകളും ബാലൻസ് ഷീറ്റും

**1.**രസീപ്റ്റ് ആന്റ് പേമെന്റ് പത്രിക(സംക്ഷിപ്തം)

| For the period from 01-April-2017 to 31-March-2018 |
|---|

| Description of Items | Amount |
|---|---|
| **Opening Balance** | |
| Bank | 19489664.00 |
| Cash | 62266.00 |
| **Operating** | |
| Tax Revenu | 834940.00 |
| Rental income from Panchayat Properties | 0.0 |
| Fees & User Charges | 991149.00 |
| Sale & Hire Charges | 117500.00 |
| Revenue Grants, Funds, Contributions & Compensations | 53724523.00 |
| Interest Earned | 82507.00 |
| Grants, Funds & Contributions for Specific Purposes | 2840520.00 |
| Other Liabilities | 49541.00 |
| **Non Operating** | |
| Other Income | 0.0 |
| Deposits Received | 121155.00 |
| Deposit Works | 0.0 |
| Other Liabilities | 195587.00 |
| Sundry Debtors (Receivables) | 3697868.00 |
| Loans, Advances and Deposits | 21000.00 |
| **Grand total** | **82228220.00** |
| **PAYMENTS** | |
| **Operating** | |
| establishment Expenses | |
| administrative Expenses | 3348411.00 |
| Operations & Maintenance | 1441189.00 |
| Decentralised Plan Programme- Productive Sector | 1683060.00 |
| Decentralised Plan Programme- Service Sector | 4942443.00 |

| | |
|---|---|
| Decentralised Plan Programme- Infrastructure Sector | 17282977.00 |
| | 1742928.00 |
| Decentralised Plan Programme- Projects not included in Sector Division | 898064.00 |
| Expenditures of Transferred institutions and State Sponsored Schemes | 40920.00 |
| Maintenance Projects | |
| Other Revenue Grants and Funds - Revenue Expenses | 11923393.00 |
| Grants, Contributions and Compensations from Own Fund | 43050.00 |
| Prior Period item | 13000.00 |
| | -151450.00 |
| Grants, Funds & Contributions for Specific Purposes | 410613.00 |
| Other Liabilities | 4213420.00 |
| **Non Operating** | |
| Interest & Finance Charges | 11738.00 |
| Prior Period Item | -2400.00 |
| Deposits Received | |
| Other Liabilities | 48500.00 |
| Fixed Assets | 1438362.00 |
| Capital work in Progress | 6106973.00 |
| | 5590288.00 |
| Stock-in-hand | 0.0 |
| Loans, Advances and Deposits | 531250.00 |
| **Closing Balance** | |
| Bank | 20493981.00 |
| Cash | 177510.00 |
| **Grand Total** | **82228220.00** |

## 2.ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക(സംക്ഷിപ്തം)

**For the period from 01-April-2017 to 31-March-2018**

| | Description of Items | Amount |
|---|---|---|
| | INCOME | |
| | Tax Revenue | 838933.00 |
| | Rental Income from Panchayat / Municipal Properties | 0.0 |

| | | |
|---|---|---|
| | Fee & User Charges | 435943.00 |
| | Sale & Hire Charges | 117500.00 |
| | Revenue Grants, Funds, Contributions & Compensations / Subsidies | 53061738.00 |
| | Interest Earned | 69385.00 |
| | Other Income | 1.00 |
| | **Total Income** | **54523500.00** |
| | **EXPENDITURE** | |
| | Establishment Expenses | 8114821.00 |
| | Administrative Expenses | 1243934.00 |
| | Operations & Maintenance | 1948453.00 |
| | Interest & Finance Charges | 145983.00 |
| | Decentralised Plan Programme-Productive Sector / Programme Expenses | 8454999.00 |
| | Decentralised Plan Programme-Service Sector | 13176630.00 |
| | Decentralised Plan Programme-Infrastructure Sector | 1809065.00 |
| | Decentralised Plan Programme-Projects not included in Sector Division | 898064.00 |
| | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 345607.00 |
| | Maintenance Projects | 11823448.00 |
| | Other Revenue Grants and Funds - Revenue Expenses | 43050.00 |
| | Grants, Contributions & Compensation from Own Fund / Subsidies | 13000.00 |
| | **Total Expenditure** | **48017054.00** |
| | **Gross Surplus/ Deficit of income over Expenditure** | **6506446.00** |
| | Prior Period Item | -149800.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | **6656246.00** |
| | Transfer to Reserve Funds | 0.0 |

**3.ബാലൻസ് ഷീറ്റ്(സംക്ഷിപ്തം)**

| **For the period from 01-April-2017 to 31-March-2018** | | | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| | Panchayat / Municipal Fund | 32160298.75 | |
| | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | 3970.00 | |
| | Reserves | 30354517.00 | |
| | **Total Reserve & Surplus** | | **62518785.75** |

| | | | |
|---|---|---|---|
| | **Grants, Contributions for Specific Purposes** | | |
| | Grants, Funds & Contribution for Specific Purposes | 1665614.00 | |
| | **Total Grants, Contributions for Specific Purposes** | | **1665614.00** |
| | **Loans** | | |
| | Secured Loans | 0.0 | |
| | **Total Loans 0.0** | | |
| | **Current Liabilities & Provisions** | | |
| | Deposits Received | 202525.00 | |
| | Deposits Works | 0.0 | |
| | Other Liabilities | 674136.25 | |
| | **Total Current Liabilities and Provisions** | | **876661.25** |
| | **TOTAL LIABILITIES** | | **65061061.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| | Fixed Assets | 47696219.00 | |
| | Accumulated Depreciation | -5517943.00 | |
| | Capital Work in Progress | 363115.00 | |
| | **Total Fixed Assets** | | **42541391.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| | Stock-in-hand | 0.0 | |
| | Sundry Debtors (Receivables) | 1359419.00 | |
| | Cash and Bank Balance | 20671491.00 | |
| | Loand, Advances and Deposits | 488760.00 | |
| | **Total Current Assets, Loans and Advances** | | **22519670.00** |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്